വാരാന്ത്യപതിപ്പ് ലക്കം - 68 |SEPT 4 - SEPT 10

# മനസ്സ് നന്നാവട്ടെ

സെന്റ്. തോമസ് കോളേജ് (ഓട്ടോണമസ്), തൃശ്ശൂർ
എൻ എസ് എസ് യൂണിറ്റ് 42 & 144

## എൻ.എസ്.എസ് വാർത്തകൾ

സോഷ്യോപോഡ്സ്

പേജ് 1

..........

അധ്യാപക ദിനം

പേജ് 2

..........

ലോക സാക്ഷരത ദിനം

പേജ് 2

..........

ലോക ആത്മഹത്യ പ്രതിരോധ ദിനം

പേജ് 3

അക്ഷരാഗ്നി

പേജ് 3

ചോദ്യം ഉത്തരം

പേജ് 4

ചിന്താവിഷയം




## സോഷ്യോപോഡ്സ്

# എൻ.എസ്.എസ്. വാർത്തകൾ

## സോഷ്യോപോഡ്സ്

**"ഓണപ്പൊലിമ"എന്ന വിഷയത്തിൽ സെന്റ് തോമസ് കോളേജ് ഓട്ടോണോമസ് തൃശ്ശൂരിലെ എൻ എസ് എസ് യൂണിറ്റുകളായ 42&144 ചേർന്നു സോഷ്യോപോഡ്സിന്റെ എഴുപത്തിയഞ്ചാം എപ്പിസോഡ് സെപ്തംബർ എട്ട് ചൊവ്വാഴ്ച പുറത്തിറക്കി.ഓണം എന്ന മലയാളികളുടെ ഉത്സവത്തെക്കുറിച്ചും, അതിനെപ്പറ്റിയുള്ള ഓർമ്മകളും, ഓണത്തെ എങ്ങനെയാണ് ലോകത്തിന്റെ നാനാഭാഗങ്ങളിലുള്ള മലയാളികൾ വരവേൽക്കുന്നതെന്നും, കോവിഡിനു മുമ്പും ശേഷവുമുള്ള ഓണാഘോഷത്തെക്കുറിച്ചും വളന്റിയർ ആൻമരിയ ജേക്കബ് സംസാരിച്ചു.ഇതിനോടനുബന്ധിച്ച് പോസ്റ്റർ നിർമ്മിക്കുകയും ചെയ്തു.**

## അധ്യാപക ദിനം

സെപ്റ്റംബർ അഞ്ചാം തിയ്യതി അധ്യാപക ദിനം ആചരിച്ചു. സമൂഹത്തിൽ അധ്യാപകർ നൽകുന്ന സംഭാവനകളെ അംഗീകരിക്കുന്നതിനാണ് അധ്യാപക ദിനം ആചരിക്കുന്നത്. ഇന്ത്യയുടെ രണ്ടാമത്തെ രാഷ്ട്രപതിയും ആദ്യ ഉപരാഷ്ട്രപതിയുമായ ഡോ സർവേപ്പള്ളി രാധാകൃഷ്ണന്റെ ജന്മദിനമാണ് ഈ ദിനം.



# ലോക സാക്ഷരതാ ദിനം

സെപ്റ്റംബർ എട്ടാം തിയ്യതി ലോക സാക്ഷരതാ ദിനം ആചരിച്ചു.നിരക്ഷരരെ വിദ്യാഭ്യാസം ചെയ്യിക്കേണ്ടതിന്റെ പ്രാധാന്യം ബോധ്യപ്പെടുത്താനാണ് ഈ ദിനാചരണം നടത്തുന്നത്. ലോകത്ത് ഒരു നിരക്ഷരനെങ്കിലും ശേഷിക്കുന്നതുവരെ ഈ ദിനം കൊണ്ടാടണമെന്ന് യുനെസ്കോ നിർദ്ദേശിച്ചു. ദിനത്തിന്റെ ഭാഗമായി എൻ എസ് എസ് വളന്റിയേഴ്സ് പോസ്റ്റർ നിർമ്മിച്ചു.




# ലോക ആത്മഹത്യ പ്രതിരോധ ദിനം

സെപ്റ്റംബർ പത്ത്  ലോക ആത്മഹത്യാ പ്രതിരോധ ദിനം ആചരിച്ചു.ആത്മഹത്യ തടയുന്നതിന് സ്വീകരിക്കാവുന്ന നടപടികളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായാണ് സെപ്റ്റംബർ പത്ത് ലോക ആത്മഹത്യാ പ്രതിരോധ ദിനമായി ആചരിക്കുന്നത്. ഇതിനോടനുബന്ധിച്ച് പോസ്റ്റർ നിർമ്മിച്ചു.





# അക്ഷരാഗ്നി

അശ്വതി . ട്ടി. എസ്

## ചോദ്യം ഉത്തരം

**NSS** ചിഹ്നത്തിലെ നീല വർണ്ണം എന്തിനെ സൂചിപ്പിക്കുന്നു?

-- മാനവ ക്ഷേമത്തിനായി സ്വയം സമർപ്പിക്കാൻ തയ്യാറാകണമെന്ന്

നീയൊരു മന്ദമാരുതാനായി എന്നെ തഴുകിടുമ്പോൾ,
സഖീ, നിൻ സാമിപ്യം ഞാൻ അറിഞ്ഞീടുന്നു.
നിന്റെയൊരോ സ്പർശനവും എന്നെ പുൽകുമ്പോൾ,
എൻ തൂലികത്തുമ്പിൽ അക്ഷരങ്ങൾ വിരിഞ്ഞീടുന്നു.
മഴത്തുള്ളികളായി നീയെന്നെ ചുംബിക്കുമ്പോൾ,
നാം ജന്മം നൽകുന്നതൊരു കവിതയ്ക്കാണെന്ന് നീയറിയുന്നുവോ?



# ചിന്താവിഷയം

ധനവും പദവിയും അധികാരവുമല്ല,ആവശ്യം ഹൃദയ ശുദ്ധിയാണ്
-- സ്വാമി വിവേകാനന്ദൻ

@nss_stc_42_144